"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പുനർ വിന്യാസം - പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ പുനർവിന്യസിച്ചിരുന്ന ശ്രീ. രാജേഷ് കുമാർ ആർ - നെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2966/2025/LSGD തീയതി,തിരുവനന്തപുരം, 16-12-2025

---

1) 09.0.3.2017 ലെ സ.ഉ(സാധാ) നം. 640/2017/തസ്വഭവ നം ഉത്തരവ്

2) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.07.2025 ലെ LSGD/PD/720/2024-DEH4 നമ്പർ കത്ത്

3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30/10/2025 ലെ DGE/2284/2024-C3 നം.കത്ത്.

**ഉത്തരവ്**

പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ രാജേഷ് കുമാർ ആറിനെ പരാമർശം (1) ഉത്തരവ് പ്രകാരം ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ പുനർ വിന്യസിച്ചിരുന്നു. നിലവിൽ പുനർവിന്യാസ തസ്തികകൾ അനുവദിച്ചിട്ടുള്ള അധിക ജോലി ഭാരമുള്ള 222 ഗ്രാമപഞ്ചായത്തുകളുടെ പട്ടികയിൽ ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ല. കൂടാതെ ടിയാൻ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ ദീർഘകാലമായി പുനർവിന്യാസത്തിൽ തുടർന്നുവരികയുമാണ്. ടിയാനെ മാതൃ വകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ടിയാനെ സംബന്ധിച്ചുള്ള വിജിലൻസ് റിപ്പോർട്ട് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറും ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ക്ലർക്ക് തസ്തികയിൽ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ പുനർവിന്യാസ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. രാജേഷ് കുമാർ ആർ- നെ, ദീർഘകാലമായി ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ പുനർവിന്യാസ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതിനാലും നിലവിൽ ടി പഞ്ചായത്തിൽ പുനർവിന്യാസ തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാലും മാതൃവകുപ്പിലേയ്ക്ക്

തിരികെ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു. ടിയാന് പകരമായി ക്ലർക്ക് തസ്തികയിൽപ്പെട്ട ഒരു ജീവനക്കാരനെ പുനർവിന്യസിക്കുന്നതിനുള്ള അടിയന്തര നടപടികൾ വകുപ്പ് മോധാവി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

സെക്രട്ടറി, ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്

ബന്ധപ്പെട്ട വ്യക്തികൾക്ക് (വകുപ്പ് മേധാവി മുഖേന).

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, (എ&ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.

(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Suja. M
സെക്ഷൻ ഓഫീസർ
Date: 16-12-2025 17:25:13